# മരക്കാർ സാഹിബ്



**ജമാഅത്തെ** ഇസ്‌ലാമി എടപ്പാൾ ഏരിയയിലെ അയിലക്കാട് പ്രാദേശിക നാസിം മരക്കാർ സാഹിബ് (65) അന്ത്യനിമിഷം വരെ ഇസ്‌ലാമിക പ്രവർത്തനം നടത്താൻ ഭാഗ്യം ലഭിച്ച വ്യക്തിയാണ്. എടപ്പാൾ ഐ.സി.സി എക്സിക്യൂട്ടീവ് അംഗവും ഐ.എം.ബി ഏരിയാ കോ-ഓർഡിനേറ്ററും ആയിരുന്നു.

അയിലക്കാടിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന സേവന ദുരിതാശ്വാസ പ്രവർത്തനങ്ങളെ മാതൃകയാക്കി തൊട്ടടുത്ത മഹല്ലും അത്തരം പ്രവർത്തനങ്ങൾ ഇപ്പോൾ നടത്തിവരുന്നുണ്ട്.

വിദ്യാർഥിയായിരിക്കെ 1960-ൽ ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെട്ടു. ആദ്യകാലത്ത് പല പ്രയാസങ്ങളും സഹിച്ചു. മർച്ചന്റ് നേവിയിൽ ജോലിയിലായിരിക്കെ വിദേശങ്ങളിൽ ആയിരുന്നപ്പോഴും പ്രസ്ഥാന ബന്ധം നിലനിർത്തി. എട്ടു വർഷം മുമ്പ് ജോലിയിൽനിന്ന് പിരിഞ്ഞതിനു ശേഷം അയിലക്കാട് ഹൽഖക്ക് നേതൃത്വം നൽകിയത് അദ്ദേഹമായിരുന്നു.

**വി. അബ്ദുൽ ഖാദർ, കോലൊളമ്പ്**

# പി.കെ ഹുസൈൻ



**ജമാഅത്തെ** ഇസ്‌ലാമി ചാലാട് കാർകുൻ ഹൽഖയിലെ പ്രവർത്തകനായിരുന്നു പി.കെ ഹുസൈൻ സാഹിബ് (58). സർക്കാർ സർവീസിൽനിന്ന് ഫോറസ്റ്ററായി വിരമിച്ച ശേഷം അടുത്ത കാലത്താണ് പ്രസ്ഥാനവുമായി ബന്ധപ്പെടുന്നത്. സി.കെ പുരം ദഅ്‌വാ മസ്ജിദിന്റെയും ചാലാട് ഹിറാ ഇംഗ്ലീഷ് സ്കൂളിന്റെയും സെക്രട്ടറിയായിരുന്നു. ചാലാട് വെൽഫെയർ സൊസൈറ്റി, സകാത്ത് കമ്മിറ്റി, അൽ മദ്റസത്തുൽ ഇസ്‌ലാമിയ്യ എന്നിവയിലും അംഗമായിരുന്നു. *മാധ്യമം* പത്രത്തിന്റെ യൂനിറ്റ് കോ-ഓർഡിനേറ്ററായും പ്രവർത്തിച്ചിട്ടുണ്ട്.

**കെ.പി റഫീഖ്,**
**ചാലാട്**

*അല്ലാഹു പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ*